**ഭരണ ഭാഷ- മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും വർക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (സി) വിഭാഗം

നം.EC1/38176/19/DTE തിരുവനന്തപുരം, തീയതി 21-07-2025

---

വായന:- 1. 12.10.2012 ലെ സ.ഉ (പി) നം.503/2012/ഉ.വി.വ.

2.. 06.03.2025 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള സർക്കുലർ നമ്പർ DTEEVM/8432/2024-EG3 (EG)

<u>ഉത്തരവ്</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II എന്നീ തസ്തികകളിലെ ഒഴിവുകളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നുള്ള തസ്തിക മാറ്റ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ അഞ്ച് ഒഴിവുകളാണ് സൂചന (1) ലെ വിശേഷാൽ ചട്ട പ്രകാരം തസ്തികമാറ്റം വഴി നികത്തപ്പെടേണ്ടതായിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ തസ്തികമാറ്റ നിയമനത്തിനായി സൂചന (2) പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണനാ പട്ടികയിൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും താഴെപറയുന്ന ജീവനക്കാരെ അവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം വർക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികകളിലെ ഒഴിവുകളിലേക്ക് 41300-87000/- രൂപ ശമ്പള നിരക്കിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 റൂൾ 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| **ക്രമ നമ്പർ** | **സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ** | **ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം** | **തസ്തികമാറ്റം നൽകി നിയമിക്കുന്ന സ്ഥാപനം** |
|---|---|---|---|
| 1. | 19 | ശ്രീ.ഹേംജിത്ത്.ടി.ജെ.<br>PEN 343650<br>സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, വെസ്റ്റ് ഹിൽ, കോഴിക്കോട് | സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, വടകര, കോഴിക്കോട്<br>(തുറന്ന ഒഴിവിൽ) |

| | | | |
|---|---|---|---|
| 2 | 20 | ശ്രീ.ബൈജു.യു.വി.<br>PEN 310661<br>കെ.ജി.പി.ടി.സി. കോഴിക്കോട് | സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, വണ്ണപ്പുറം<br>(തുറന്ന ഒഴിവിൽ) |
| 3 | 21 | ശ്രീ.മാത്യു ജോസഫ്<br>PEN<br>427897<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ് പൈനാവ് ഇടുക്കി | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് പൈനാവ്, ഇടുക്കി (തുറന്ന ഒഴിവിൽ ) |
| 4 | 22 | ശ്രീമതി.ബിനി.കെ.കെ.<br>PEN 485244<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ് വയനാട് | ഗവ. വൊക്കേഷണൽ & ഹയർ സെക്കണ്ടറി സ്കൂൾ, മാങ്കായിൽ, മരട്, എറണാകുളം<br>(തുറന്ന ഒഴിവിൽ) |
| 5 | 23 | ശ്രീ.ബിജുമോൻ.കെ.വി.<br>PEN 767831<br>ജിപിടിസി ചേർത്തല | സർക്കാർ പോളിടെക്നിക് കോളേജ്, കോട്ടയം<br>(തുറന്ന ഒഴിവിൽ) |

തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ യഥാർത്ഥ സേവനം ടി ജീവനക്കാർ നിരീക്ഷണ കാലയളവായി പൂർത്തികരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ചേരുംകാലം യഥാസമയം ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

ANI ABRAHAM

SENIOR JOINT DIRECTOR (PS)

**Signed by Ani Abraham**
**Date: 21-07-2025 15:56:22**

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർ /സ്ഥാപന മേധാവികൾ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൻറെ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം)
2. ഇബി 2 സെക്ഷൻ
3. ഇജി 3 സെക്ഷൻ
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി